2339
28/12/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം - അധിക തുക ആവശ്യമായി വരുന്ന പക്ഷം 15% വരെ 2012 - ലെ SOR പ്രകാരം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ(സാധാ) നം.52 /20 15/സാനീവ** **തീയതി, തിരുവനന്തപുരം:** 02.02.2015

---

**പരാമർശം :** (1) 16.01.2012 - ലെ സ.ഉ(സാധാ)നം.23/12/സാക്ഷേവ.

(2) 08.08.2014 - ലെ സ.ഉ(സാധാ)നം.510/14/സാനീവ നമ്പർ സർക്കാർ ഉത്തരവ്.

(3) 30.12.2014 - ലെ സാ.നീഡയറക്ടറുടെ ICDS/എ8-23296/14 നമ്പർ കത്ത്.

**ഉത്തരവ്**

ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി വീതം സ്ഥാപിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2235-02-102-69(പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 100 കോടി രൂപയിൽ നിന്നും കേന്ദ്ര സർക്കാർ സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാമിന് 50% കേന്ദ്ര സഹായമായി അനുവദിച്ചിട്ടുള്ള 5452.49 ലക്ഷം രൂപ സാമൂഹ്യനീതി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഉള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (നം.14907) നിക്ഷേപിക്കുന്നതിനും ടി തുക ഉപയോഗിച്ച് മാതൃകാ അങ്കണവാടികൾ നിർമ്മിക്കുന്നതിനുമുള്ള അനുമതി പരാമർശം (1) പ്രകാരം നൽകുകയുണ്ടായി. മാതൃകാ അങ്കണവാടികളുടെ നിർമ്മാണ തുകയായ 23.75 ലക്ഷം രൂപയിൽ പരമാവധി 15% വരെ അധിക തുക 2010 - ലെ ഷെഡ്യൂൾ നിരക്കിൻമേൽ ആവശ്യമാകുന്ന പക്ഷം അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ നിലവിൽ 2012 - ലെ SOR പ്രകാരമാണ് പല അങ്കണവാടികളുടേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്നും അയതിനാൽ 2012 - ലെ SOR -ൻ മേൽ 15% വരെ അധിക തുക ആവശ്യമായി വരുന്ന പക്ഷം അനുവദിക്കാൻ അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാതൃകാ അങ്കണവാടി നിർമ്മിക്കുന്നതിനായി അനുവദിച്ചിട്ടുള്ള 23.75 ലക്ഷം രൂപയിൽ പരമാവധി 15% വരെ അധിക തുക 2012- ലെ SOR പ്രകാരം ആവശ്യമായി വരുന്ന പക്ഷം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**കെ.എം.ലീലാമണി.**
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ